# ത്രിവേണീ സംഗമ സുവർണ്ണ ജൂബിലിയിൽ

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

വ്യോമവീഥിയിലർക്കൻ പശ്ചിമാബ്ധിപൂകവേ
ഭൂമാതിന്നൊളിയായി ശശാങ്കനുദിക്കവേ,
നവ്യമാം പകലുകൾ ഇരവും പ്രഭാതവും
ജീവിത വീഹായസിൽ സ്യന്ദനം സ്ഫുരിക്കുവേ
അമ്പതു സംവത്സരം  വൈവാഹ്യ വീഥിയിലും
അമ്പതു സംവത്സരം വൈദിക പൻഥാവിലും
അമ്പതു സംവത്സരം ഐക്യനാട്ടിൽ വാസവും
അൻപാർന്ന തമ്പുരാൻ ഇത്രനാൾ ഒരുക്കിയും,
ശങ്കരപുരി ജാതൻ 'യോഹന്നാൻ ശെമ്മാശൻ'
'എൽസി' വധൂടിയായി  അഞ്ചു ദശാബ്ദം മുന്നം,
വൈദികനായ് നിതരാം കോറെപ്പിസ്ക്കോപ്പയായി
വൈദിക കർമ്മണ്യനായ് അർദ്ധ ശതാബ്ദപൂർണ്ണൻ
വിദ്യാഭ്യാസവീഥിയിൽ യൂയെസ്സിലെത്തീ തഥാ
ഒട്ടേറെ യത്നമാർന്നു വിദ്യാധനം നേടാനായ്
കഷ്ടപ്പാടേറെ താണ്ടി കൊച്ചു ജോലികൾ ചെയ്തും
ഡിഗ്രികളേറെ നേടി വർഷങ്ങൾ വ്യയമാർന്നും,
സംശാന്ത്യാ ജീവയാനം ഇത്രനാൾ നയിച്ചതാൽ
സ്തോത്രങ്ങളർപ്പിക്കുന്നേൻ വിശ്വത്തിൻ വിധാതാവേ !
സന്തോഷ സന്താപങ്ങൾ സമ്മിശ്രം സമ്മേളിച്ചും
സംതൃപ്ത്യാ തുഴഞ്ഞെത്തി ജീവിത സായന്തനേ!
ബന്ധുക്കൾ മിത്രങ്ങളെത്രപേരെ യൂയെസ്സിൽ
എത്തിച്ച തോണിയായും ആർത്തർക്കത്താണിയായും,
മൽ ഗേഹം പുണ്യക്ഷേത്രം വീട്ടാർക്കും വിരുന്നർക്കും
മൽ ഗേഹേ വരുന്നോരോ, അതിഥി ദേവോ ഭവഃ
മാർത്തോമൻ ദീപശിഖ ഐക്യനാട്ടിൽ പടർത്താൻ
ഓർത്തഡോക്സ് ദേവാലയ സംസ്ഥാപനം വളർത്താൻ
ആദിമകാലങ്ങളിൽ അങ്ങിങ്ങായ് യാത്ര ചെയ്തും

ദേവാലയങ്ങളേഴു സ്ഥാപിച്ച കർമ്മയോഗി,     *
ഖേദത്തിൽ ഞെരുക്കത്തിലെന്തിലും പതറാത്തോൻ
അത്യന്തം സഹിഷ്ണുവാൻ ആപത്തിൽ സഹായിയും,
മുൻപൊക്കെ അല്പാല്പമായ് മുൻകോപം ഉൺടാകിലും
അൻപുറ്റ സ്നേഹവായ്പും ശാന്തനം സൗമ്യനം താൻ
ആരിൽ നിന്നുമൊന്നുമേ വാങ്ങുവാനിച്ഛിക്കാത്ത
ആദർശ ധീരനെന്നതാണ തൻ  നന്മയെന്നും,
ചിട്ടയും ചട്ടങ്ങളും നിഷ്ഠയും യഥാവിധം
തിട്ടമായ് പാലിക്കുന്ന ധീരനാം കർമ്മോന്മുഖൻ
എന്തു തീഷ്ണമാം ബുദ്ധി എന്തൊരു പ്രഭാഷണം
എന്തൊരു കർമ്മോന്മുഖമായ സാഹസികത്വം !
ഞാനഭിമാനിക്കയാണതീവ വിനീതയായ്
ധന്യനാമീ വന്ദ്യന്റെ ജീവിതാഭ നുകർന്നും,
എന്നിലെ കാവ്യസിദ്ധി ജ്വാലയായ് തെളിച്ചോവേ
എന്നിലെ ഭാവനയെ കൈപിടിച്ചേറ്റിയോവേ,
എന്നിലെ സ്വപ്നങ്ങളിൽ ചലനം സൃഷ്ടിച്ചോവേ
സുന്ദര സംതൃപ്തമാം ജീവിത ദാതാവും തേ !
ദൈവദാന ലബ്ധമാം  പുത്രദ്വയം പൗത്രിയും
ജീവിത സായന്തനം സാനന്ദ മാക്കുന്നീനാൾ
സർവ്വേശ കൃപാദാന മാകും തൽ പൗരോഹിത്യം
സർവ്വേശ പുകഴ്ചയ്ക്കായ് മേലിലും പൂരിക്കട്ടെ !
ആയിരം പൂർണ്ണേന്ദുക്കൾ ദർശിപ്പാൻ കൃപചെയ്തും
ആയുസ്സോ ടീദിനത്തി ലെത്തിച്ച ധാത്രീശ്വരാ !
വേൺടതിലപ്പുറമായ്  അർത്ഥിച്ചതിനും മേലായ്
താങ്ങിയും നടത്തിയും കാത്തൊരു കാരുണ്യമേ !
താവക തൃപ്പദത്തിൽ കേഴുന്നേൻ കൃപയ്ക്കായി
സൗവ്വർണ്ണ  സംഗമമീ ത്രിവേണീ ജൂബിലിയിൽ!
നന്ദിയ ല്ലാതെയൊന്നും ഇല്ല മൽ ഹൃദന്തത്തിൽ
നന്ദിയിൻ പുഷ്പാർച്ചന അർപ്പിപ്പേൻ ജഗന്നാഥാ !

**ന്യൂയോർക്ക്**

**ജൂലൈ 27, 2020**     ..................

Commented [M1]: